# സിഡിഎസ് സന്ദർശന റിപ്പോർട്ട്

സിഡിഎസിന്റെ പേര് : അതിരപ്പള്ളി സിഡിഎസ്, ചാലക്കുടി ബ്ലോക്ക്, തൃശ്ശൂർ

സന്ദർശന തീയതി : 2019 ഒക്ടോബർ 24th - 26th

Report Submitted by : Jayaram Sasi, Manager(IT&MIS)

**പ്രധാന പരിപാടികൾ :**

1 ) സിഡിഎസ് മീറ്റിംഗ്

2 ) മൈക്രോ സംരംഭ യൂണിറ്റ് സന്ദർശനം

3 ) അയൽക്കൂട്ട സന്ദർശനം : പൊതു അയൽക്കൂട്ടം, വയോജന അയൽക്കൂട്ടം, ട്രൈബൽ അയൽക്കൂട്ടം

4 ) ഡിഎഫ്കെ (ആശ്രയ) ഗുണഭോക്താക്കളുടെ ഭവന സന്ദർശനം

5 ) ജെഎൽജി യൂണിറ്റ് സന്ദർശനം

## 1 ) സിഡിഎസ് മീറ്റിംഗ്

ഒക്ടോബർ 24 ന സിഡിഎസ് മീറ്റിംഗ് നടക്കുകയും താഴെപറയുന്നവ ചർച്ച ചെയ്യുകയും ചെയ്തു.

എ)ജില്ലാമിഷനിൽ നിന്നുള്ള ധനസഹായത്തോടെ മൈക്രോ സംരംഭ ഉത്പന്നങ്ങൾ വിൽക്കുന്നതിനായി പഞ്ചായത്ത് ഓഫീസിൽ സജ്ജീകരിച്ച കിയോസ്ക് മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്

ബി) ഡിഡിയുജികെവൈ പദ്ധതിയിലെ സ്കിൽ ട്രെയിനിങ്ങിലേക്കു കുട്ടികളെ എൻറോൾ ചെയ്യുന്നത് സംബന്ധിച്ചും, വിദൂര മേഖലയിലെ കുട്ടികളുടെ മൊബിലൈസേഷൻ സംബന്ധിച്ചും

സി) പ്ലാസ്റ്റിക്കിനെതിരെയുള്ള ക്യാമ്പയിൻ നടത്തുന്നതിനെകുറിച്ച്

ഡി) അതിരപ്പള്ളി ടൂറിസ്റ്റ് മേഖലയിലെ മൈക്രോ എന്റർപ്രൈസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച്

ഇ) ഡിഎഫ്കെ (ആശ്രയ) പദ്ധതിയിൽ കിറ്റ് ലഭ്യമാകുന്നത് ഒഴികെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള ഫണ്ട് വൈകുന്നത് സംബന്ധിച്ച്

ചർച്ചയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ :

എ) അതിരപ്പള്ളി സിഡിഎസ് ടൂറിസ്റ്റ് മേഖലയിൽ ഉൾപ്പെടുന്നതിനാൽ മൈക്രോ സംരംഭങ്ങളുടെ പ്രവർത്തനങ്ങളെ പരിപോഷിപ്പിച്ചു കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്. ഹോം സ്റ്റേ, റെസ്റ്റോറന്റ് , ഹോട്ടൽസ്, ഹാന്റിക്രാഫ്റ്റ്, ഗൈഡിനെ ലഭ്യമാക്കൽ, ട്രക്കിങ് തുടങ്ങിയ സേവനങ്ങൾ പ്രൊഫഷണൽ മാതൃകയിൽ സഞ്ചാരികൾക്കു ലഭ്യമാക്കുന്നതിനായി ഫോറസ്ററ്, ടൂറിസം, വനസംരക്ഷണ സമിതി എന്നിവയുടെ പങ്കാളിത്തത്തിലൂടെ സിഡിഎസിനെ സജ്ജീകരിക്കേണ്ടതുണ്ട്. വിവിധ ഗവണ്മെന്റ് ഡിപ്പാർട്മെന്റുകളുടെ സ്ഥലം, ബിൽഡിംഗ് എന്നിവ കോൺവെർജെൻസ് പദ്ധതികളിലൂടെ ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

ബി) വിദൂര മേഖലയിലെ കുട്ടികളെ , ഡിഡിയുജികെവൈ സ്കിൽ പരിശീലന പദ്ധതിയിലേക്ക് കൊണ്ട് വരുന്നതിനും കോഴ്സ് കഴിഞ്ഞു ജോലി ലഭ്യമാകുന്നതുവരെ അവരുമായി നിരന്തരമായി ബന്ധപ്പെടുന്നതിനുമായി നിലവിലെ എഡിഎസ് സംവിധാനത്തിൽ സമഗ്രമായ മാറ്റം ആവശ്യമാണ്

സി) സിഡിഎസിനു കീഴിലുള്ള ടൂറിസ്റ്റ് മേഖലയിൽ ഉൾപ്പെടുന്നതും അല്ലാത്തതുമായ എല്ലാ മൈക്രോ സംരംഭങ്ങൾക്കും, അറിയപ്പെടുന്നതും മികച്ചതുമായ പ്രൊഫെഷണൽ മാതൃകാ സംരംഭ നേതൃത്വങ്ങളുമായി സംവദിക്കാനുള്ള അവസരം, തുടർ പ്രക്രിയ രീതിയിൽ എല്ലാ വർഷവും നൽകേണ്ടതുണ്ട്. വ്യവസായ വകുപ്പ്, സ്റ്റാർട്ട് അപ്പ് മിഷൻ എന്നിവയെയും ഈ പ്രവർത്തനത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

ഡി) ഡിഎഫ്കെ (ആശ്രയ) പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലും, തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് സേവനം നൽകുന്നതിൽ കാലതാമസവും ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി സമഗ്രമായ പ്ലാൻ ആവശ്യമാണ്.

ചർച്ചയിൽ പഞ്ചായത്ത് പ്രസിഡൻറ്, സിഡിഎസ് ചെയർ പേഴ്സൺ , വൈസ് ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി, സിഡിഎസ് കമ്മിറ്റി അംഗങ്ങൾ, അക്കൗണ്ടന്റ് , ബ്ലോക്ക് കോഓർഡിനേറ്റർ എന്നിവർ പങ്കെടുത്തു.

## 2 ) മൈക്രോ സംരംഭ യൂണിറ്റ് സന്ദർശനം

കുടുംബശ്രീയുടെയോ പഞ്ചായത്തിന്റെയോ ധനസഹായമില്ലാതെ അയൽക്കൂട്ടത്തിലെ രണ്ടു അംഗങ്ങൾ ചേർന്ന് മറ്റു അഞ്ചു അംഗങ്ങളുടെ പിന്തുണയോടെ രൂപീകരിച്ച വസ്ത്ര തുന്നൽ - ഡിസൈൻ മേഖലയിലെ സംരംഭമാണ് "ഡ്രീംസ് ബ്യൂട്ടിക്". 2019 ഏപ്രിൽ 20 ന ഒരു ലക്ഷം രൂപ മൂലധനത്തിൽ തുടങ്ങിയ സംരംഭമാണിത്.

നേതൃത്വം :

പ്രസിഡന്റ് : ബിറ്റി ബൈജു ( വിദ്യാഭ്യാസം : പ്ലസ് ടു )

സെക്രട്ടറി : മിനി ( വിദ്യാഭ്യാസം : പ്ലസ് ടു , ഫാഷൻ ഡിസൈനിങ് )

പ്രചോദനം : കുടുംബശ്രീയിൽ നിന്നും ലഭിച്ച ബാഗ് നിർമ്മാണം, വസ്ത്ര ഉന്നൽ മേഖലയിലെ പരിശീലനം, സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിച്ച് സ്വയം അറിവ് മെച്ചപ്പെടുത്തുന്നതിനുള്ള താൽപ്പര്യം

വരുമാനം : സാധാരണ വർക്കുകളിൽ നിന്നും മാസം 7000 - 8000 രൂപയും, വെഡിങ്& മറ്റു ഫങ്ഷനുകൾ എന്നിവയിൽ നിന്നും ഓർഡർ ഒന്നിന് ഏകദേശം 12000/- രൂപ എന്ന രീതിയിലും വരുമാനം ലഭിക്കുന്നുണ്ട്.

സന്ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണം:

എ) മൈക്രോ സംരംഭങ്ങളിൽ യഥാർഥ താല്പര്യമുള്ളവരെ അഭിരുചി നിർണ്ണയത്തിലൂടെ കണ്ടെത്തി, സിഡിഎസിലെ ബന്ധപ്പെട്ട സമിതിയുടെ നേതൃത്വത്തിലേക്ക് കൊണ്ട് വരേണ്ടതാണ്

ബി) സിഡിഎസിലെ മൈക്രോ സംരംഭങ്ങൾക്ക്, സ്വകാര്യ മേഖലയിലെ മാതൃക സംരംഭകരുമായി ചർച്ചയ്ക്കുള്ള വേദി ഒരുക്കേണ്ടതാണ്

സി) ഓരോ സിഡിഎസിനു കീഴിലുള്ള മാതൃക മൈക്രോ സംരംഭങ്ങളുടെ പ്രവർത്തന രീതി മറ്റു സംരംഭങ്ങൾക്കും അറിയുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

ഡി) സ്വയം അറിവും പ്രവർത്തന രീതിയും മെച്ചപ്പെടുത്തുന്ന സംരംഭങ്ങൾക്ക് അവാർഡും, അവരുടെ പ്രവർത്തന മേഖലയിലെ പുതിയ അറിവുകൾക്കായുള്ള പരിശീലനവും നൽകേണ്ടതാണ്. ഇത് കുടുംബശ്രീ മാഗസിനിലും ഉൾപ്പെടുത്തേണ്ടതാണ്.

**3 ) അയൽക്കൂട്ട സന്ദർശനം : പൊതു അയൽക്കൂട്ടം, വയോജന അയൽക്കൂട്ടം, ട്രൈബൽ അയൽക്കൂട്ടം**

പൊതു അയൽക്കൂട്ട ത്തിന്റെ പേര് : ആര്യ

പൊതു അയൽക്കൂട്ടം ഉൾപ്പെടുന്ന വാർഡ് : വൈശ്ശേരി

ആകെ അംഗങ്ങൾ : 15

പ്രസിഡന്റ് : ജയശ്രീ വിജയൻ

സെക്രട്ടറി : ശോഭ നടേശൻ

സാധാരണ രീതിയിലുള്ള മാസ സമ്പാദ്യം അടിസ്ഥാനമാക്കിയുള്ള ചർച്ചയും , അതിന്റെ വിവരങ്ങൾ ബുക്കിൽ എഴുതുകയും ചെയ്യുന്ന പ്രവർത്തനമാണ് മീറ്റിംഗിൽ നടന്നത്

വയോജന അയൽക്കൂട്ടത്തിന്റെ പേര് : ഉദയം

അയൽക്കൂട്ടം ഉൾപ്പെടുന്ന വാർഡ് : വൈശ്ശേരി

ആകെ അംഗങ്ങൾ : 14

മാസത്തിൽ ഒരു മീറ്റിംഗ് ആണ് ഈ വയോജന അയൽക്കൂട്ടത്തിൽ നടത്തുന്നത് . കാര്യമായ ചർച്ചകളോ പ്രവർത്തനമോ നടത്തുന്നില്ല. മെഡിക്കൽ ചെക്ക് അപ്പ് സപ്പോർട്ട്, വൈശ്ശേരി വാർഡിനു മാത്രമായി ഒരു പകൽവീട്, ധനസഹായം എന്നിവ കുടുംബശ്രീയിൽ നിന്നും ലഭ്യമാക്കണമെന്നാണ് മീറ്റിംഗിൽ അയൽക്കൂട്ടം ആവശ്യപ്പെടുന്നത്

ട്രൈബൽ PwD അയൽക്കൂട്ടത്തിന്റെ പേര് : പവിഴം

അയൽക്കൂട്ടം ഉൾപ്പെടുന്ന വാർഡ് : പെരിങ്ങൽകുത്ത്

ആകെ അംഗങ്ങൾ : 7

അയൽക്കൂട്ടം രൂപീകരിച്ചെങ്കിലും ഇതുവരെ മീറ്റിംഗ് നടത്തിയിട്ടില്ല . അംഗൻവാടിയിലാണ് മീറ്റിംഗ് നടത്താനുള്ള സൗകര്യം ഉള്ളത്. ശാരീരിക വൈകല്യം, കാഴ്ചാ വൈകല്യം, ഓട്ടിസം ഇങ്ങനെയുള്ള അവസ്ഥയാണ് അംഗങ്ങൾക്കുള്ളത്. ദിശാബോധത്തിന്റെ അഭാവമുണ്ട് .

ട്രൈബൽ പൊതു അയൽക്കൂട്ടങ്ങൾ :

അമൃത അയൽക്കൂട്ടം - 14 അംഗങ്ങൾ

മഴത്തുള്ളി അയൽക്കൂട്ടം - 16 അംഗങ്ങൾ

അതിരപ്പള്ളി ടൂറിസം മേഖലയിൽ ഉൾപ്പെട്ട അയൽകൂട്ടമായതിനാൽ അംഗങ്ങൾക്ക് വനസംരക്ഷണ സമിതിയുടെ ദിവസവേതന അടിസ്ഥാനത്തിലുള്ള ജോലി ലഭ്യമാകുന്നുണ്ട്. പ്രത്യേക മേഖലയായതിനാൽ ഡ്രൈവിംഗ് , കുക്കിംഗ് എന്നിവയിലുള്ള പരിശീലനം വേണമെന്ന ആവശ്യം അംഗങ്ങൾക്കുണ്ട് .

<u>സന്ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണം:</u>

പൊതു അയൽക്കൂട്ടങ്ങൾക്കു സ്വയം അറിവ് മെച്ചപ്പെടുത്തുന്നതിനുള്ള താല്പര്യക്കുറവ് കാണുന്നുണ്ട് . എന്നാൽ അയൽക്കൂട്ടത്തിൽ 20-40% എങ്കിലും യുവ തലമുറയിലെ അംഗങ്ങൾ ഉണ്ടെങ്കിൽ പ്രവർത്തനം മെച്ചപ്പെടാൻ സാധ്യതയുണ്ട്. വയോജന അയൽക്കൂട്ടങ്ങൾക്കു വ്യക്തമായ ഒരു ദിശാബോധം നൽകേണ്ടതുണ്ട് . ട്രൈബൽ മേഖലയിലെ PwD അയൽക്കൂട്ടങ്ങൾക്കു പ്രത്യേക പ്രവർത്തന പദ്ധതി ആവശ്യമാണ്. ഓരോ അയൽക്കൂട്ട അംഗങ്ങളുടെയും ജീവിത സാഹചര്യങ്ങൾക്കും വൈകല്യത്തിനനുസരിച്ചും അവർക്കു താൽപ്പര്യമുള്ളതുമായ

പ്രവർത്തനങ്ങൾ ഒരു ലിസ്റ്റ് പോലെ തയ്യാറാക്കി , ചർച്ച ചെയ്ത് അതിൽ പരിശീലനം നൽകിയും ചെയ്താൽ ഗുണകരമാകാൻ സാധ്യതയുണ്ട് .

**4 ) ഡിഎഫ്ഐ (ആശ്രയ) ഗുണഭോക്താക്കളുടെ ഭവന സന്ദർശനം**

എ)ഗുണഭോക്താവിന്റെ പേര് : ചിന്നമ്മ , ചക്കാലക്കൽ

വാർഡിന്റെ പേര് : അത്രർമുഴി

ബി)ഗുണഭോക്താവിന്റെ പേര് : ദേവയാനി, കാട്ടുപറമ്പിൽ

വാർഡിന്റെ പേര് : വെറ്റിലപ്പാറ

സന്ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണം:

ആദ്യ ഗുണഭോക്താവിന് 80 വയസ്സുണ്ടെങ്കിലും മകളുടെ സഹായവും ഉള്ളതിനാൽ , കാര്യമായ ബുദ്ധിമുട്ടില്ല . രണ്ടാമത്തെ ഗുണഭോക്താവിന് ഏകദേശം 80 -85 വയസ്സുണ്ട് ;നടക്കാനുള്ള ബുദ്ധിമുട്ടും ഉണ്ട് . ഏകദേശം 45 -50 വയസ്സുള്ള മകളുണ്ടെങ്കിലും മാനസിക വിഭ്രാന്തിയുള്ള അവസ്ഥയാണ് . സമീപ വാസികൾ പോലും ഈ വീട്ടിലേക്ക് വരാത്തതിനാൽ വളരെ ബുദ്ധിമുട്ടുള്ള അവസ്ഥയിലാണുള്ളത് . ഇത് പോലെയുള്ള ഗുണഭോക്താക്കൾക്ക് ഒരു പ്രത്യേക കരുതലോ ശ്രദ്ധയോ കിട്ടുന്ന രീതിയിലുള്ള പ്രവർത്തനം നടത്തേണ്ടതുണ്ട്. നിലവിലെ അവസ്ഥ ഒട്ടും പര്യാപ്തമല്ല .

**5 ) ജെഎൽജി യൂണിറ്റ് സന്ദർശനം**

യൂണിറ്റിന്റെ പേര് : ഹരിത ജെഎൽജി

വാർഡിന്റെ പേര് : അത്രർമുഴി

സെക്രട്ടറി : ആനന്ദവല്ലി

ആകെ അംഗങ്ങൾ : 4

50 സെന്ററിൽ മൽസ്യ കൃഷി യുൾപ്പെടെ എല്ലാത്തരത്തിലുമുള്ള കൃഷി ചെയ്യുന്നുണ്ട് . വളരെ പ്രവർത്തന ക്ഷമമായ ഒരു ജെഎൽജി ഗ്രൂപ്പാണിത്.

സന്ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണം:

സിഡിഎസിനു കീഴിൽ ഇതുപോലെയുള്ള മാതൃക ജെഎൽജി ഗ്രൂപ്പുകളുടെ നേതൃത്വവും മറ്റു ജെഎൽജി ഗ്രൂപ്പുകളുമായും വിദ്യാർത്ഥികളുമായും ചർച്ച നടത്തേണ്ടതുണ്ട് . പുതിയ കൃഷി രീതികളുള്ള അറിവ് ലഭ്യമാക്കുന്നതിന് സിഡിഎസ് ഇടപെടേണ്ടതുണ്ട് .